അനുബന്ധ സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുമായി സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾക്ക് 10 ലക്ഷം രൂപാവീതം അനുവദിച്ചിട്ടുണ്ട്.

182 (1542) സ്പോർട്ട്സ് അതോറിറ്റി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് അതോറിറ്റി രൂപീകരിക്കുന്നതിനു വേണ്ടിയുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എവിടെയെല്ലാം സ്പോർട്ട്സ് പ്രോജക്ട് ഡെവലപ്പ്മെന്റ് ഏരിയാ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) ഇത്തരത്തിലുള്ള പുതിയ സെന്ററുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്പോർട്ട്സും ഗെയിംസും പ്രോത്സാഹിപ്പിക്കുന്നതിനും, അതിനായി സംസ്ഥാന-ജില്ലാ-പ്രാദേശിക തലങ്ങളിൽ പുതുതായി സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള "കേരള സ്പോട്ട്സ് ബിൽ" നടപ്പു നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൊല്ലത്തും തൃശ്ശൂരും ഓരോ സ്പോർട്സ് പ്രോജക്ട് ഡെവലപ്പ്മെന്റ് ഏരിയാ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(സി) പുതിയ സെന്ററുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിൽ ഇല്ല.

183 (1543) മഞ്ചേശ്വരത്ത് മൈനർ പോർട്ട് ആരംഭിക്കുന്നതിനുള്ള നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരത്ത് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള മൈനർ പോർട്ടിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുമോ;

(ബി) ഇതിനകം എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയായി;

(സി) പ്രസ്തുത മൈനർ പോർട്ട് നിർമ്മാണത്തിന് എത്ര രൂപയാണ് ചെലവാക്കാൻ ഉദ്ദേശിക്കുന്നത്; എസ്റ്റിമേറ്റ് പൂർത്തിയായോ;

(ഡി) മൈനർപോർട്ടിന്റെ പണി എപ്പോൾ പൂർത്തിയാക്കാൻ കഴിയും?

ഉത്തരം

(എ) മഞ്ചേശ്വരത്ത് ഒരു ചെറുകിട തുറമുഖം സ്ഥാപിച്ചുകൊണ്ട് സർക്കാർ 6.2.98-ലെ 8346/ഡി1/98/മതുവ നോട്ടിഫിക്കേഷൻ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly